വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, കരിങ്കല്ല്, വെട്ടുകല്ല് എന്നിവയുടെ ഖനനത്തിനുള്ള നിയന്ത്രണങ്ങൾ നില നിർത്തിക്കൊണ്ടുതന്നെ, ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പരമാവധി തൊഴിലവസരങ്ങൾ നൽകുന്നതിന് സർക്കാർ ശ്രമിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ, തൊഴിലാളികളെ ദ്രോഹിക്കുന്ന ചില നിലപാട് ചില ഉദ്യോഗസ്ഥൻമാർ സ്വീകരിക്കുന്നുവെന്ന് പറഞ്ഞു. തൊഴിലാളികളെ മനഃപൂർവ്വം ഉപദ്രവിക്കുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(15) സംസ്കൃത വിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ സെക്രട്ടേറിയറ്റ് മാർച്ച്

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, സംസ്കൃതം ദേവഭാഷയാണെന്നാണ് അറിയപ്പെട്ടിരുന്നത്. ഈ ദേവഭാഷയിലൂടെയും മറ്റു ഭാഷകളിലൂടെയും വിദ്യാഭ്യാസം നടത്തുന്നതിനും അഭ്യസ്തവിദ്യ അടുത്ത തലമുറയ്ക്ക് പകരുന്നതിനും വൃത്യസ്തങ്ങളായ സഹജ സ്വഭാവങ്ങളുണ്ട്. മയിലിന്റെയും അരയന്നത്തിന്റേയും നടനം അഭിരാമമാണ്. പക്ഷേ

"കഠോരമേകേ സുകുമാരമന്യേ
മാർഗ്ഗം കവീന്ദ്രാം വചസാ പ്രപന്ന
മേഘസ്വനേഷുന്നസോ മയൂരാ
ഹംസാ : പുനർനൂപുരശിഞ്ജിതേഷു."

എന്ന് കുടല്ലൂർ നാരായണൻ. മയിലിന് നൃത്തം വയ്ക്കണമെങ്കിൽ ഇടിവെട്ട് വേണം. അരയന്നത്തിനാണെങ്കിൽ നൂപുരശിഞ്ജിതമാണ് വേണ്ടത്. ഒരു ഗതികേടിന്റെ വക്കിൽനിന്നുകൊണ്ട്, നൂപുരശിഞ്ജിതം മാത്രം കേട്ടു നടനമാടിയിരുന്ന സംസ്കൃതഭാഷാപ്രേമികൾ ചിലങ്കകളുടെ നാദം കൂട്ടംകൂട്ടമായി മുഴക്കിക്കൊണ്ടെങ്കിലും ഇടിവെട്ടിന്റെ ധ്വനി കേൾപ്പിക്കാമോയെന്ന് പരീക്ഷിക്കുകയാണ്, സർക്കാരിനെ പ്രസാദിപ്പിക്കാൻ. സംസ്കൃത വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരുമിച്ചാണ് പ്രക്ഷോഭണം. രക്ഷാകർത്താക്കളുടെയും നാട്ടുകാരുടെയും പിന്തുണ അതിനുണ്ട്. നാളെ അവർ സെക്രട്ടേറിയറ്റ് പടിക്കൽ ധർണ്ണയുമായി എത്തും. അവരുടെ ഡിമാന്റുകൾ മുഴുവൻ, കഴിഞ്ഞ ദിവസം ഞാൻ ഇവിടെ സൂചിപ്പിച്ചത് മാനിക്കാൻ തയ്യാറായതുകൊണ്ട്, ഞാൻ നിരത്തുന്നില്ല. സൂചനകൾ മാത്രം പറയാം. പ്ലസ് ടു ക്ലാസ്സുകളിൽ ബോട്ടണിയോടും സുവോളജിയോടും ഒപ്പം സംസ്കൃത സാഹിത്യവും സംസ്കൃത ശാസ്ത്രവും കൂടി പഠിക്കാനും സ്കൂളുകളിൽ സംസ്കൃതം സെക്കന്റ് ലാംഗ്വേജായി സാർവ്വത്രികമായി അംഗീകരിക്കാനും പത്താം ക്ലാസ്സിൽ സംസ്കൃതത്തിന് പത്ത് പേർ നിർബന്ധമില്ലാത്ത സ്ഥിതിയ്ക്ക് 11-ാം ക്ലാസ്സിൽ അത് നിർബന്ധമാക്കാതിരിക്കാനും വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിന്റെ എണ്ണവും തുകയും വർദ്ധിപ്പിക്കാനും യു.പി.യുള്ള ഹൈസ്കൂളുകളിൽ പ്രത്യേകം സംസ്കൃത അദ്ധ്യാപകരെ വയ്ക്കാനും സർവ്വീസിലുള്ളവർക്ക് ഹയർ സെക്കന്ററിയിലേക്ക് നിയമനം ലഭിക്കാൻ പ്രവേശന പരീക്ഷ ഒഴിവാക്കാനും, അവർക്ക് ഇൻസർവീസ് ട്രെയിനിംഗ് നൽകാനും സ്കൂൾ ലൈബ്രറികളിൽ സംസ്കൃതപുസ്തകകോർണറുകളുണ്ടാക്കാനും കൂടുതൽ സായാഹ്ന പഠന കേന്ദ്രങ്ങൾ സൃഷ്ടിക്കാനും തസ്തികകൾ നികത്താനും, ചുരുക്കിപ്പറഞ്ഞാൽ എൻ.വി. കൃഷ്ണവാര്യർ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കാനും ബന്ധപ്പെട്ടവരെ വിളിച്ച് ഒരു ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : മറുപടി അടുത്ത ദിവസം പറയുന്നതാണ്.

(16) മൂവാറ്റുപുഴയിൽ കാർഷിക വിപണന മാർക്കറ്റ് തുറന്നുപ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോണി നെല്ലൂർ : സർ, എന്റെ നിയോജകമണ്ഡലത്തിന്റെ ആസ്ഥാനമായ മൂവാറ്റുപുഴയിൽ യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ ധനസഹായത്തോടുകൂടി ഒരു കാർഷിക വിപണന മാർക്കറ്റ് 1992-ൽ പ്രവർത്തനമാരംഭിച്ച് 1997-ൽ പണി പൂർത്തീകരിച്ചതാണ്. അതിനുശേഷം നിരവധി പ്രാവശ്യം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹു. കൃഷി വകുപ്പു മന്ത്രി 1999 ജൂൺ 7-ന് മൂവാറ്റുപുഴയിൽ വന്ന് വലിയ ആഘോഷ പരിപാടികളോടുകൂടി ആ കാർഷിക വിപണമാർക്കറ്റിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയുണ്ടായി. അന്ന് അദ്ദേഹം ആ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞത് നാളെ മുതൽ ഈ മേഖലയിലുള്ള കൃഷിക്കാർക്ക് പ്രയോജനമുണ്ടാകത്തക്കവിധത്തിൽ കാർഷിക വിപണന മാർക്കറ്റ് ഇവിടെ പ്രവർത്തനമാരംഭിക്കുമെന്നാണ്. കോടിക്കണക്കിന് രൂപ മുതൽ മുടക്കി കേരളത്തിൽ ആറ് കാർഷിക വിപണന മാർക്കറ്റുകൾ സംസ്ഥാന സർക്കാർ ഇതിനോടകം ഇ.ഇ.സി. യുടെ ധനസഹായത്തോടുകൂടി പണി പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ഒരൊറ്റ മാർക്കറ്റ് പോലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. 1999 ജൂൺ മാസം 7-ാം തീയതി പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്ത മൂവാറ്റുപുഴ മാർക്കറ്റ് 9-ാം തീയതി മുതൽ പ്രവർത്തിക്കുമെന്ന് ബഹു. മന്ത്രി പറഞ്ഞിരുന്നുവെങ്കിലും 8 മാസങ്ങൾ പിന്നിട്ടിട്ട് ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. തകർന്നടിഞ്ഞുകിടക്കുന്ന കാർഷിക മേഖലയുമായി നാണ്യ വിളകൾക്ക് വിലയില്ലാതായിരിക്കുന്ന ഈ കാലത്ത് കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ അവിടെ കൊണ്ടുപോയി വിപണനം നടത്തിയാൽ എന്തെങ്കിലും സമാശ്വാസം ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്ന കൃഷിക്കാർ നിരാശയുടെ പടുകുഴിയിലാണ്. മൂവാറ്റുപുഴയിലും പരിസരത്തുമുള്ള കൃഷിക്കാർ ആകെത്തന്നെ സമരത്തിന്റെ പാതയിലാണ്. കോടികൾ മുടക്കി അവിടെ പണി പൂർത്തീകരിച്ചിട്ടിരിക്കുന്ന ആ കാർഷിക വിപണന മാർക്കറ്റ് അടിയന്തിരമായി തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് ബഹു. മന്ത്രിയോട് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ.കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടുകൂടി നിർമ്മാണം പൂർത്തീകരിച്ചതാണ് ആ മാർക്കറ്റ്. ഓരോ മാർക്കറ്റിനും ഓരോ മാർക്കറ്റിംഗ് അതോറിറ്റി രൂപീകരിച്ചിരിക്കുകയാണ്. മാർക്കറ്റിംഗ് അതോറിറ്റി എന്നുപറയുന്നത് എറണാകുളം ജില്ലാ കളക്ടർ ചെയർമാനും കൃഷിവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സെക്രട്ടറിയുമായുള്ളതാണ്. അതിന്റെ ഉദ്ഘാടനം കഴിഞ്ഞെങ്കിലും മാർക്കറ്റ് ഈ അതോറിറ്റിയെ ഏൽപ്പിച്ചുകൊടുക്കാനായി ചെറിയ കാലതാമസമുണ്ടായി. അത് ഗവൺമെന്റല്ല. ഇപ്പോൾ അതോറിറ്റിയെ ഏൽപ്പിച്ചുകൊടുത്തിട്ടുണ്ട്. അതോറിറ്റി അത് തുറന്നു പ്രവർത്തിപ്പിക്കാൻ ആവശ്യമായ സംവിധാനങ്ങളെക്കുറിച്ചു കൂടി പരിശോധിച്ചു വരികയാണ്. ഏപ്രിൽ 15-ാം തീയതിക്കുമുമ്പ് അതോറിറ്റിയുടെ നേതൃത്വത്തിൽ മാർക്കറ്റ് തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly